തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതികൾ

104. [122] ശ്രീ. ടി പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതികൾ പിരിച്ചു വിട്ടിട്ട് എത്ര കാലമായി ;

(ബി) പഞ്ചായത്ത് സമിതികളുടെ ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് ;

(സി) ഒരു ഉദ്യോഗസ്ഥനു പരമാവധി എത്ര പഞ്ചായത്തുകളാണ് ഏൽപ്പിച്ചിരിക്കുന്നത് ?

ഉത്തരം

(എ) 927 പഞ്ചായത്ത് സമിതികളുടെ കാലാവധി 30-9-1984-ലും, ഒരു പഞ്ചായത്തിന്റെ (പാമ്പാക്കുട) കാലാവധി 7-8-1985-ലും 48 പഞ്ചായത്തുകളുടെ കാലാവധി 30-9-1985-ലും അവസാനിച്ചു. 25 പഞ്ചായത്തുകളിൽ വിവിധ കാരണങ്ങളാൽ നാളിതുവരെ തെരഞ്ഞെടുപ്പു നടന്നിട്ടില്ല.

(ബി) 927 പഞ്ചായത്തുകളിൽ താലൂക്ക് പഞ്ചായത്ത് ആഫീസർമാരും ശേഷിക്കുന്ന 74 പഞ്ചായത്തുകളിൽ സ്പെഷ്യൽ ആഫീസർമാരുമാണ് ഭരണം നടത്തുന്നത്.

(സി) ഇതിനു നിശ്ചിത പരിധിയില്ല. ഒരു താലൂക്കിൽ വരുന്ന പഞ്ചായത്തുകളുടെയെല്ലാം ചുമതല വഹിക്കുന്നത് ആ താലൂക്കിലെ താലൂക്ക് പഞ്ചായത്ത് ആഫീസറാണ്. ഒരു താലൂക്ക് പഞ്ചായത്ത് ആഫീസർക്ക് ശരാശരി 16 പഞ്ചായത്തുകളുടെ ഭരണ ചുമതലയുണ്ടായിരിക്കും.

അയ്യർകുന്നം പഞ്ചായത്തിൽ പൊതുശ്മശാനം തുടങ്ങുന്നതിനെപ്പറ്റി

105. [123]. ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യത്തിനു പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അയ്യർകുന്നം പഞ്ചായത്തിൽ പൊതുശ്മശാനം ഉണ്ടാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്.

തെങ്ങും പള്ളി-മുണ്ടുപ്പാലം റോഡിലെ കലുങ്കു പണി

106. [124] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യത്തിനു പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പള്ളിക്കത്തോടു പഞ്ചായത്തിലെ തെങ്ങും പള്ളി-മുണ്ടുപ്പാലം റോഡിലെ കലുങ്കുപണി എത്രയും വേഗം പൂർത്തിയാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കലുങ്കിന്റെ ഫില്ലറുകൾ വാർത്തിട്ടുണ്ട്. ബാക്കി പണി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ബാലുശ്ശേരിയിലെ പഞ്ചായത്ത് ബസ്സ്റ്റാൻഡ്

107. [125] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പഞ്ചായത്തിൽ ഇന്നു നിലവിലുള്ള പഞ്ചായത്ത് ബസ്സ്റ്റാൻഡ് വിപുലപ്പെടുത്തുവാനുള്ള ഭരണാനുമതി പഞ്ചായത്തിനു നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly